File No.TCPCTP/2007/2019-D

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
### തിരുവനന്തപുരം

വിഷയം :- നഗര – ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം – സാങ്കേതിക വിഭാഗം – വയനാട് ജില്ല – കൽപ്പറ്റ നഗരസഭ – കൽപ്പറ്റ വില്ലേജ് – **സ്റ്റോൺ ക്രഷർ യൂണിറ്റ് നിർമ്മാണം** – ലേ – ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൽപ്പറ്റ നഗരസഭാ സെക്രട്ടറിയുടെ 19/8/19, 20/12/19–തീയതികളിലെ BA/5/19-20 നമ്പർ കത്തുകൾ.

2. വയനാട് ടൗൺ പ്ലാനറുടെ 20.08.2019,ലെ സി/764/19/Kdls, 21.01.2020 ലെ TCPWYD/833/2019-C നമ്പർ കത്തുകൾ.

====================================================================

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നം. **TCPCTP/2007/2019–D1** തീയതി: **31/01/2020**

====================================================================

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭാ പരിധിയിലുള്ള കൽപ്പറ്റ വില്ലേജിൽ,ബ്ലോക്ക് നമ്പർ 19, റീ സർവ്വേ നം. 154/4, 154/6, 155/2 – എന്നിവയിൽപ്പെട്ട 2.0540 ഹെക്ടർ സ്ഥലത്ത് 102.7 ച.മീ. ഫ്ളോർ ഏരിയയിൽ (ക്രഷർ യൂണീറ്റ് – 74.32 ച.മീ + ഓഫീസ് – 15.21 ച.മീ + ടോയ് ലെറ്റ് ബ്ലോക്ക് – 13.17 ച.മീ) അനധികൃതമായി പ്രവർത്തിച്ചുവരുന്ന sand making unit (stone crusher) ക്രമവൽക്കരിക്കുന്നതിന്റെ ഭാഗമായി ലേ – ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. സലീം. പി. കെ. യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ. എം ബി.ആർ 1999 – നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ – ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. വിഭാവനം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999 ലേയും തുടർന്നുള്ള ഭേദഗതികളിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ, സൈറ്റ്പ്ലാനിൽ കാണിച്ചിട്ടുള്ള മറ്റളവുകൾ എന്നിവയുടെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
3. നിർമ്മാണ സ്ഥലം തോട്ടഭൂമിയാണെന്നു കാണുന്നു. ആയതിനാൽ നിർമ്മാണം KLR Act, KLU Act എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കുന്നില്ലായെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
4. നിർമ്മാണ സ്ഥലത്തിന് ഫയർ എൻ.ഒ.സി/പൊല്യൂഷൻ എൻ.ഒ.സി എന്നിവ ലഭ്യമാക്കേണ്ടതാണ്.
5. മാലിന്യസംസ്കരണത്തിന് നിർമ്മാണ സ്ഥലത്തുതന്നെ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
6. നിർമ്മാണത്തിൽ നിന്ന് ഉൽഭവിക്കുന്ന മലിനജലം സംഭരിച്ച് സംസ്കരിച്ച് പുനരുപയോഗിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
7. നിർമ്മാണത്തിലേക്കുള്ള വഴിയുടെ കുറഞ്ഞ വീതി 7 മീറ്റർ ആയി വീതികൂട്ടേണ്ടതാണ്
8. മേൽ വ്യവസ്ഥകൾ പാലിക്കുന്ന മുറയ്ക്ക് നിർമ്മാണം കെ .എം.ബി.ആർ.99 ലെ

File No.TCPCTP/2007/2019-D

വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കേണ്ടതാണ്.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നം. 20/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം:- ഒരു സെറ്റ് പ്ലാൻ

പി.ആർ. ജയശ്രീ.
നഗരാസൂത്രക

സെക്രട്ടറി
കൽപ്പറ്റ നഗരസഭ, വയനാട് - 673121

പകർപ്പ്:- 1. ശ്രീ. സലീം, കാരാച്ചിന്റവിട, കളത്തിൽ ഹൗസ്, ഏലങ്ങോട്ട്, കണ്ണൂർ.
2. ടൗൺ പ്ലാനർ, വയനാട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Ba/29.01.2020